# ശുചിത്വ മിഷൻ
## തദ്ദേശ സ്വയംഭരണ വകുപ്പ്
## കേരള സർക്കാർ


331/C5/2019/SM 22.10.2022

**തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്നതിന് അനുയോജ്യ സ്ഥാപനങ്ങളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.**

ശുചിത്വ - മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സ്വയം പര്യാപ്തതയിലെത്തിക്കുന്നതും സമ്പൂർണ്ണ ശുചിത്വ പദവിയിലെത്തിക്കുന്നതും ലക്ഷ്യമിട്ട് ശുചിത്വ മിഷന്റെയും ഹരിത കേരളം മിഷന്റെയും മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഹരിത സഹായ സ്ഥാപനമായി പ്രവത്തിക്കുന്നതിന് കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്നതും ശുചിത്വ - മാലിന്യ സംസ്കരണ പ്രവത്തനങ്ങളിൽ 3 വർഷത്തെ പ്രവർത്തി പരിചയമുള്ളതുമായ ഏജൻസികൾ/സ്ഥാപനങ്ങളിൽ നിന്ന് താല്പര്യപത്രം ക്ഷണിച്ച് കൊള്ളുന്നു.

15.07.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2420/2017/ത.സ്വ.ഭവ യിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികളുടെ ആസൂത്രണത്തിലും രൂപീകരണത്തിലും അവയുടെ നിർവ്വഹണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുക, അവരെ സ്വയം പര്യാപ്തതയിലെത്തിക്കുക, വാതിൽപ്പടി ശേഖരണം, യൂസർ ഫീ ശേഖരണം എന്നിവയിൽ 100 ശതമാനം പ്രവർത്തന ശേഷി കൈവരിക്കൽ, കുടുംബശ്രീ മിഷനുമായി സഹകരിച്ചു കൊണ്ട് ഹരിത കർമ്മ സേനയുടെ പ്രവർത്തന മേൽനോട്ടം, ശേഷീ വികസനം, വരുമാന സുസ്ഥിരത, അധിക വരുമാന സംരംഭങ്ങൾ സാധ്യമാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണത്തിനനുയോജ്യമായ അന്തരീക്ഷ സൃഷ്ടി. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ രൂപപ്പെടുത്തേണ്ട വിവിധ തരം റിപ്പോർട്ടുകൾ, അവയുടെ ക്രോഡീകരണം, നിശ്ചിത ഇടവേളകളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്/ഹരിത കേരള മിഷൻ/ശുചിത്വ മിഷന് ടി റിപ്പോർട്ടുകൾ ലഭ്യമാക്കൽ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെയും വിവിധ ക്യാമ്പയിനുകളുടെയും ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഹരിത സഹായ സ്ഥാപനം നിർവ്വഹിക്കേണ്ടത്.

പ്രൊഫഷണലായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ നോക്കിനടത്തുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യവും മുൻപരിചയവും മനുഷ്യ വിഭവ ശേഷിയും സാങ്കേതിക പരിജ്ഞാനവുമുള്ളതും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതുമായ ഏജൻസി/സ്ഥാപനങ്ങളെയാണ് ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്നതിന് പരിഗണിക്കുക. (വിശദാംശങ്ങൾക്ക് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ പ്രകാരമുള്ള ഉത്തരവ് കാണുക.)


**റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033**

**ഫോൺ: 0471-2312730, 2319831, ഫാക്സ് : 04712996730, ഇ-മെയിൽ: sanitationkerala@gmail.com**

1. **ഹരിത സഹായ സ്ഥാപനം മുഖേന നിർവ്വഹിക്കപ്പെടേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ ചുവടെപ്പറയും വിധമാണ്.**

a) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അനുയോജ്യമായ രീതിയിൽ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികളുടെ രൂപ രേഖ തയ്യാറാക്കി നൽകുക. ആയതിന്റെ നിർവ്വഹണം പൊതുജന പങ്കാളിത്വത്തോടെ നടപ്പിലാക്കുന്നതിന് സാങ്കേതികമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സഹായിക്കുക.

b) ഹരിത കർമ്മസേനയുടെ ശേഷീ വികസനം

c) ഹരിത കർമ്മ സേന മുഖേനയുള്ള വാതിൽപ്പടിശേഖരണം 100 ശതമാനത്തിലെത്തിക്കുക

d) 100 ശതമാനം യൂസഫീ ശേഖരണം ഉറപ്പാക്കുക..

e) അതതു തദ്ദേശ സ്വയംഭരണ പ്രദേശത്തിൻറെ സവിശേഷതകൾക്കനുസരിച്ചും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുരൂപമായും വിവിധ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ നേതൃത്വത്തിൽ ഹരിത കർമ്മസേനയുടെയും പൊതു ജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പാക്കുക.

f) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികളുടെ ഭാഗമായി ഗാർഹിക/സ്ഥാപന/പൊതുതലങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ വിശദാംശങ്ങൾ, പ്രതിദിന സംസ്കരണ ശേഷീ, പ്രതിദിന ജൈവവള/ഇന്ധന ഉത്പാദനം, പ്രവർത്തിക്കാത്ത ഉപാധികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് കുറവുകൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെയും ഹരിത കർമ്മ സേനയെയും പ്രാപ്തരാക്കൽ.

g) അവസ്ഥാ വിലയിരുത്തൽ സർവ്വെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്, നിലവിലെ പ്രവർത്തനങ്ങളുടെ പുരോഗതി എന്നിവ വിലയിരുത്തി ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ടാക്കുകയും അത് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ/ഭരണ സമിതികളിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിനും നേതൃത്വം വഹിക്കുക.

h). അവസ്ഥാ വിലയിരുത്തൽ, ഗ്രേഡിംഗ് പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിശദ കർമ്മ പദ്ധതി തയ്യാറാക്കി നൽകുക.

i) ജൈവ മാലിന്യ സംസ്കരണത്തിനുള്ള ഗാർഹിക - സ്ഥാപന - പൊതു സംവിധാനങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക, ഇവ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രോട്ടോക്കോൾ തയ്യാറാക്കി ഹരിത കർമ്മനേസയെ പരിശീലിപ്പിക്കുക, നിരീക്ഷണത്തിലൂടെയും നിർദ്ദേശങ്ങളിലൂടെയും അവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക. ഉപ ഉത്പന്നങ്ങളുടെ വിപണനം സാധ്യമാക്കുക.

j) തരംതിരിച്ച് അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന തയ്യാറുള്ള വിവിധ സ്ഥാപനങ്ങളെ (ക്ലീൻകേരള കമ്പനിയും അവയ്ക്കുപുറമേ അനുയോജ്യരായ മറ്റുസ്ഥാപനങ്ങളും) കണ്ടെത്തി, അവർക്കാവശ്യമായ രീതിയിൽ അജൈവമാലിന്യം തരംതിരിച്ചു സൂക്ഷിക്കുന്നതിനും അത്

പരമാവധിവരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തെയും ഹരിതകർമ്മസേനയെയും പ്രാപ്തരാക്കുക. ഇതിനാവശ്യമായ പ്രോട്ടോക്കോൾ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ അംഗീകാരത്തോടെ നടപ്പാക്കുക.

k) ഹരിതകർമ്മസേനയുടെ ദൈനംദിന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക, പ്രവർത്തനമികവു കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ, ഹരിത കർമ്മ സേന - വാതിൽപ്പടി ശേഖരണം - യൂസർഫീ - മിനി എം.സി.എഫ് - എം.സി.എഫ് - ആർ.ആർ.എഫ് മാനേജ്മെന്റിൽ നിരന്തരമുണ്ടാകുന്നതിന് നടപടി സ്വീകരിക്കുക.

l) ഹരിത മിത്രം - സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

m) ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ശുചിത്വമിഷൻ/ ഹരിതകേരള മിഷൻ ലഭ്യമാക്കുന്ന മാതൃകയിൽ നിശ്ചിത ഇടവേളകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ജില്ലാ ശുചിത്വ മിഷനും ഹരിത കേരളം മിഷനും ലഭ്യമാക്കുക.

n) ഹരിത കർമ്മസേനക്ക് പരിഹരിക്കാൻ കഴിയാത്ത സാങ്കേതിക പ്രശ്നങ്ങൾ, ഹരിത കർമ്മസേന ആവശ്യപ്പെടുന്ന അവസരത്തിൽ, ഒരു ദിവസത്തിനുള്ളിൽ ഹരിതസഹായ സ്ഥാപനം നിയോഗിക്കുന്ന വിദഗ്ധർ നേരിട്ട് പരിശോധിക്കേണ്ടതും ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പരിഹരിക്കേണ്ടതുമാണ്.

o) ഹരിതകർമ്മസേനയുടെ വരുമാനം വിലയിരുത്തി സാമ്പത്തിക സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പദ്ധതികളും നിർദ്ദേശങ്ങളും നൽകുക.

p) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പ് പ്രവർത്തനങ്ങൾ വിലയിരുത്തി പദ്ധതി നടത്തിപ്പിന്റെ പ്രവർത്തന പുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുക.

q) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പൊതുവായും അല്ലാതെയും അതതു പ്രദേശത്തും ഏതൊക്കെ വിധത്തിലുള്ള ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളാണ് വേണ്ടിവരുന്നത് എന്നതിനനുസരിച്ച്, ഹരിത കർമ്മസേനയിലേക്ക് കൂടുതൽ അംഗങ്ങളെ ആവശ്യമുണ്ടോയെന്നു പരിശോധിക്കുക, ആവശ്യമെങ്കിൽ കൂടുതൽ പേരെ കുടുംബശ്രീയുടെ സഹായത്താൽ കണ്ടെത്തി ചേർക്കുക, പുതുതായി ചേർക്കപ്പെടുന്നവർക്ക് പ്രാഥമിക പരിശീലനം (തദ്ദേശ സ്വയംഭരണ സ്ഥാപനതല മാലിന്യ സംസ്കരണ പരിപാടിയുടെ പൊതുസമീപനം, അജൈവ മാലിന്യങ്ങൾ തരംതിരിക്കൽ വിവിധ മാലിന്യ സംസ്കരണ ഉപാധികളും അവയുടെ പ്രവർത്തനവും എന്നിവയടങ്ങുന്ന) നൽകുക എന്നീ പ്രവർത്തനങ്ങൾ ഹരിതസഹായ സ്ഥാപനവും ഹരിതകർമ്മസേനയും ചേർന്നു നടത്തേണ്ടതാണ്.

r) ഹരിത കേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപന തല കർമ്മ സമിതിയുമായും, വാർഡുതല ആരോഗ്യ - ശുചിത്വ- പോഷണ സമിതികളുമായും കൂടിയാലോചിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

s) അജൈവമാലിന്യത്തിലെ മൂല്യമുള്ള വസ്തുക്കൾ ക്ലീൻ കേരളകമ്പനിയോ അതു പോലെയുള്ള മറ്റ് സംവിധാനങ്ങളോ വഴി വിപണനം ചെയ്യുന്നതിലൂടെയും,

ജൈവമാലിന്യങ്ങളുടെ കമ്പോസ്റ്റിങ്ങിലൂടെയുമുണ്ടാകുന്ന ജൈവവളത്തിൻറെ വിൽപ്പനയിലൂടെയും, ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റ് നടത്തിപ്പിലൂടെയും പ്രകൃതി സൗഹൃദ ഉൽപന്നങ്ങൾ നിർമ്മിക്കൽ, വിപണനം എന്നിവയിലൂടെയും ഹരിത കർമ്മസേനയ്ക്ക് അധിക വരുമാനം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കൽ. ഇതിനാവശ്യമായ പ്രോട്ടോക്കോൾ ഹരിതസഹായ സ്ഥാപനം തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ അംഗീകാരത്തോടെ നടപ്പിലാക്കേണ്ടതാണ്.

t) തൊഴിലുറപ്പ് പദ്ധതികൾ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് തുടങ്ങിയ അനുബന്ധ വകുപ്പ്/മിഷനുകളുടെ പ്രവർത്തനം സംയോജിപ്പിച്ച് ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കൽ.

u) തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ എല്ലാ മാലിന്യസംസ്കരണ സംവിധാനങ്ങളും കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുവെന്നും അവയിലൊന്നുപോലും സാങ്കേതിക പ്രശ്നങ്ങളാൽ തടസ്സപ്പെടുന്നില്ലയെന്നും ഉറപ്പാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തോടൊപ്പം ഹരിതസഹായസ്ഥാപനത്തിൻറെയും ഉത്തരവാദിത്തമായിരിക്കും.

v) മാലിന്യ സംസ്കരണ മേഖലയിൽ പ്രവത്തിക്കുന്ന സർക്കാർ/സർക്കാർ അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളെയും സംരംഭകരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കൽ.

w) തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സമ്പൂർണ്ണ ശുചിത്വ പദവി നേടുന്നതിന് പ്രാപ്തമാക്കൽ

x) ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പൊതു ജന പങ്കാളിത്വം ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കൽ.

y) ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ പദ്ധതി നിർവ്വഹണം ,പരിപാലനം എന്നിവക്കായി തദ്ദേശ സ്ഥാപനങ്ങളെ സാങ്കേതികമായി ശാക്തീകരിക്കൽ .

z) പ്രത്യേകമായി കൈകാര്യം ചെയ്യേണ്ട ബയോമെഡിക്കൽ ,സാനിറ്ററി ,ഇറച്ചി ,മുടി തുടങ്ങിയ മാലിന്യങ്ങളുടെ ശേഖരണം ,കയ്യൊഴിയൽ സംബന്ധിച് തദ്ദേശ സ്ഥാപനങ്ങളെ ശാക്തീകരിക്കൽ .

മേൽ പറഞ്ഞ സേവനങ്ങളെല്ലാം നൽകാൻ പര്യാപ്തമായ സംഘടനാ സംവിധാനം ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെടുന്നതിന് താത്പര്യപത്രം സമർപ്പിക്കുന്ന സംഘടനയ്ക്ക് ഉണ്ടായിരിക്കണം.

**2. യോഗ്യതാ മാനദണ്ഡങ്ങൾ**

a) സൊസൈറ്റി/കമ്പനി/സഹകരണ ആക്ടുകൾ പ്രകാരം സർക്കാർ അംഗീകൃത രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

b). മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കുറഞ്ഞത് 3 വർഷത്തെ വർഷത്തെ പ്രവർത്തി പരിചയം, ടി മേഖലയിൽ സാങ്കേതിക പരിജ്ഞാനം, ആവശ്യമായ മനുഷ്യ വിഭവ ശേഷി എന്നിവയുണ്ടായിരിക്കണം.

c) ഹരിത സഹായ സ്ഥാപനങ്ങൾക്ക് പ്രൊഫഷണലായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ നോക്കി നടത്തുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം ഉണ്ടായിരിക്കണം.

d) സ്ഥാപന നടത്തിപ്പുകാരിൽ സാങ്കേതിക വൈദഗ്ധ്യമുള്ളവരും പ്രൊഫഷണലുകളും കമ്മ്യൂണിറ്റി മൊബലൈസർമാരും, ഹരിതകർമ്മസേന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങൾ വച്ച് റിപ്പോർട്ടുകൾ തയ്യാറാക്കാൻ ശേഷിയുള്ളവർ ഹരിത സഹായ സ്ഥാപനത്തിൽ മുഴുവൻ സമയ പ്രവർത്തകരായി ഉണ്ടായിരിക്കണം.

e) ഹരിതസഹായ സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ട ജീവനക്കാരുടെ ഘടന, യോഗ്യതകൾ, അവർ നൽകേണ്ട സേവനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിക്കേണ്ട ഇടവേള എന്നിവ 15/07/2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2420/2017/ത.സ്വ.ഭ.വ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ/ഹരിത കേരളം മിഷൻ നിഷ്കർഷിക്കുന്ന പ്രകാരമോ ആയിരിക്കും.

f) ഉറവിട ജൈവമാലിന്യ സംസ്കരണത്തിന് ശുചിത്വമിഷൻ അംഗീകരിച്ച സാങ്കേതിക വിദ്യകൾ/ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ സാങ്കേതികമായി ശാക്തീകരിക്കുന്നതിനുള്ള ശേഷി ഹരിതസഹായ സ്ഥാപനത്തിനുണ്ടായിരിക്കണം .ഇതിനാവശ്യമായ വിദഗ്ധരുടെ സേവനം ഏതുസമയത്തും തദ്ദേശസ്ഥാപനങ്ങൾക്കു ലഭ്യമാക്കാൻ ഹരിതസഹായ സ്ഥാപനത്തിന് ശേഷിയുണ്ടായിരിക്കണം .

g) അപകട കരമായ മാലിന്യം ,സാനിറ്ററി ,ബയോമെഡിക്കൽ ,ഇറച്ചി ,മുടി കൈകാര്യം,റിജെക്റ്റ്സ് തുടങ്ങി പ്രത്യേകമായി കൈകാര്യം ചെയ്യേണ്ട മാലിന്യങ്ങളുടെ ശേഖരണം ,ശാസ്ത്രീയ സംസ്കരണത്തിന് കൈമാറൽ എന്നിവക്കുള്ള മുൻ -പിൻ ബന്ധമുണ്ടാക്കുന്നതിനുള്ള ശേഷി ഹരിത സഹായ സ്ഥാപനത്തിനുണ്ടായിരിക്കണം .

**3.പൊതു നിബന്ധനകൾ**

a)ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി രണ്ടു വർഷക്കാലത്തെ പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പിടണം. പ്രവർത്തനമികവിൻറെ അടിസ്ഥാനത്തിലായിരിക്കും തുടർന്നുള്ള വർഷങ്ങളിലേക്ക് അംഗീകാരം പുതുക്കപ്പെടുക. ശുചിത്വ മിഷന്റെയും ഹരിത കേരളമിഷന്റെയും ദ്വൈമാസ അവലോകനത്തിൽ പ്രവർത്തനം തൃപ്തികരമാകാത്ത പക്ഷം ഹരിത സഹായ സ്ഥാപനത്തിന്റെ അംഗീകാരം കാലാവധി പൂർത്തീകരണം നോക്കാതെ തന്നെ റദ്ദാക്കുന്നതായിരിക്കും.

b). മുമ്പ് ഹരിത സഹായ സ്ഥാപനമായി പ്രവർത്തിച്ചിരുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മോശം പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിപ്പെട്ടിട്ടുള്ളതുമായ ഹരിത സഹായ സ്ഥാപനങ്ങളുടെ അപേക്ഷ വീണ്ടും പരിഗണിക്കുന്നതല്ല.

c) നിലവിൽ ഹരിത സഹായ സ്ഥാപനമായി അനുമതിയോടെ പ്രവർത്തിച്ചു വരുന്ന ഹരിത സഹായ സ്ഥാപനങ്ങൾ അപേക്ഷിക്കേണ്ടതില്ല.

d) ചെയ്യേണ്ട പ്രവർത്തനങ്ങളുടെ സ്വഭാവവും പ്രാധാന്യവും വൈപുല്യവും പൂർണ്ണമായി ഉൾക്കൊണ്ടുവേണം ഹരിത സഹായ സ്ഥാപനങ്ങൾ താത്പര്യപത്രം സമർപ്പിക്കുവാൻ. ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെടുന്നതിന് താത്പര്യപത്രം തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് ഈ നോട്ടിഫിക്കേഷന് അനുബന്ധം (2) ആയി നൽകുന്നു.

e) പൂർണ്ണമായും കൃത്യമായും പൂരിപ്പിച്ച ഉപരിപത്രം (അനുബന്ധം 1), രജിസ്ട്രേഷൻ ഫോറം (അനുബന്ധം 2) എന്നിവ ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്. അപൂർണ്ണമായതും കൃത്യമായ രേഖകളില്ലാതെ സമർപ്പിക്കുന്നതുമായ താല്പര്യപത്രങ്ങൾ നിരുപാധികം നിരസിക്കുന്നതായിരിക്കും.

f) ഈ താത്പര്യപത്രത്തിലെ വ്യവസ്ഥകൾ ഭേദഗതി വരുത്തുവാനോ റദ്ദാക്കുവാനോ ഉള്ള അവകാശം ശുചിത്വ മിഷനിൽ നിക്ഷിപ്തമായിരിക്കും.

g) താത്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 8 /11 /2022, 5 .00 പി.എം ആയിരിക്കും.

h) അപേക്ഷകരുടെ മുൻകാല പ്രവർത്തന മികവ്, പ്രവർത്തന പരിചയം, ജനകീയത, സംഘടനാ സംവിധാനത്തിൻറെ കെട്ടുറപ്പ്, ഈ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിലാണ് താത്പര്യപത്രം വിലയിരുത്തപ്പെടുക.

i) താല്പര്യ പത്രവും അനുബന്ധ വിവരങ്ങളുമടങ്ങുന്ന പ്രൊപ്പോസലിന്റെ ഹാർഡ് കോപ്പി സീൽ ചെയ്ത കവറിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, ലാന്റ് റവന്യൂ കോംപ്ലക്സ്, മൂന്നാം നില, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം റോഡ്, തിരുവനന്തപുരം - 695 033 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. കവറിനു പുറത്ത് ഹരിത സഹായ സ്ഥാപനങ്ങളുടെ എംപാനലിംഗ് - താല്പര്യ പത്രം എന്ന് രേഖപ്പെടുത്തിയിരിക്കണം.

j) പ്രൊപ്പോസലിന്റെ സോഫ്റ്റ് കോപ്പിയുടെ പി.ഡി.എഫ് & വേർഡ് ഫയലുകൾ **sanitationkerala@gmail .com** എന്ന ഈ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

പൊതുവായ സമയക്രമം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നോട്ടിഫിക്കേഷൻ തീയതി | 22/10/2022 |
| താത്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | 8 /11 /2022, 5.00 പി.എം |

K T Balabhaskaran

Executive Director

ഫോറം (1) ഉപരിപത്രം

അനുബന്ധം-I

ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്നതിന്
താത്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അപേക്ഷയുടെ ഫോർമാറ്റ്

നമ്പർ.................................... തീയതി............................

പ്രേഷകൻ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് ഡയറക്ടർ,
ശുചിത്വ മിഷൻ
സർ,

വിഷയം :- ഹരിത സഹായ സ്ഥാപന രൂപീകരണത്തിനുള്ള താത്പര്യപത്രം

ശുചിത്വ മിഷൻ പുറപ്പെടുവിച്ചിട്ടുള്ള ......................... തീയതിയിലെ ........................... നമ്പർ നോട്ടിഫിക്കേഷന് അനുസൃതമായി ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെട്ട് പ്രവർ ത്തിക്കുന്നതിന് താത്പര്യപ്പെടുന്നു. അതിനായി നിർദ്ദിഷ്ട ഫോർമാറ്റിലുള്ള അപേക്ഷയും അനുബന്ധം പ്രകാരമുള്ള രേഖകളും ഇതിനാൽ സമർപ്പിക്കുന്നു.

ഹരിത സഹായ സ്ഥാപനം നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചും പ്രവർത്തനങ്ങളുടെ സ്വഭാവത്തെക്കുറിച്ചും ഞങ്ങൾക്ക് വ്യക്തമായ ധാരണയുണ്ട്. സ.ഉ(സാധാ)നം.2420/2017/തസ്വഭവ തീയതി 15.07.2017 യിലെ വിശദീകരണങ്ങൾ വായിച്ചു മനസ്സിലാക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ വായിച്ച് മനസ്സിലാക്കിയിട്ടുള്ളതാകുന്നു. ആയതിനാൽ ടി പ്രവർത്തനങ്ങൾ ഞങ്ങൾക്ക് നിർവ്വഹിക്കാനാകുമെന്നും ഞങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉള്ളടക്കം ചെയ്യുന്ന വിവരങ്ങൾ വസ്തുനിഷ്ഠമാണെന്നും ഉറപ്പ് തരുന്നു.
വിശ്വാസപൂർവ്വം

സ്ഥാപന മേധാവിയുടെ പേര്, പദവി

സ്ഥാപനത്തിന്റെ പേര്, വിലാസം

രജിസ്ട്രേഷൻ നം.

മൊബൈൽ നമ്പർ

ഈ-മെയിൽ ഐ.ഡി

സീൽ

അനുബന്ധം - 2

രജിസ്ട്രേഷൻ ഫോറം

(അപേക്ഷകരുടെ പ്രവർത്തന വിശദാംശങ്ങൾ)

| | | |
|---|---|---|
| ക്രമ നം. | അപേക്ഷകരായ ഏജൻസിയുടെ/സ്ഥാപനത്തിൻറെ പൂർണ്ണ മേൽ വിലാസം | |
| 1. | ഏജൻസിയുടെ/ സ്ഥാപനത്തിന്റെ തരം | |
| 2. | രൂപീകരിച്ച വർഷം | |
| 3. | രജിസ്ട്രേഷൻ നമ്പർ | |
| 4. | പ്രധാന പ്രവർത്തന മേഖലകൾ | |
| 5. | ഏറ്റെടുത്ത് നടപ്പിലാക്കി വിജയിച്ച പ്രധാന സർക്കാർ പ്രോജക്ടുകളുടെ പേര് | |
| 6. | മാലിന്യ സംസ്കരണ രംഗത്ത് ഏറ്റെടുത്ത് നടപ്പിലാക്കി വിജയിച്ച പദ്ധതികൾ (ഓരോന്നിൻറെയും പേര്, ലക്ഷ്യം, നിർവ്വഹണ കാലയളവ്, പ്രവർത്തന പ്രദേശം, സവിശേഷതകൾ, പദ്ധതി ചെലവ്, കൈവരിച്ച നേട്ടം, ഫോട്ടോകൾ എന്നിവ വിശദമാക്കുന്ന കുറിപ്പ് ഉള്ളടക്കം ചെയ്യുക) | |
| 7. | ഏജൻസികൾ /സ്ഥാപനത്തിൻറെ ജീവനക്കാരായി മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരുടെ എണ്ണം | |
| 8. | അവരുടെ വിശദാംശങ്ങൾ (പേര്, വിദ്യാഭ്യാസ യോഗ്യത, മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന പരിചയം, | |

| | | |
|---|---|---|
| | പ്രവർത്തന മേഖല നേട്ടങ്ങൾ വിശദമായ പട്ടിക ഉള്ളടക്കം ചെയ്യുക) | |
| 9. | മാലിന്യ സംസ്കരണ രംഗത്ത് ഏജൻസികളുടെ / സ്ഥാപനത്തിൻറെ സവിശേഷ മികവുകളും ശേഷികളും നേട്ടങ്ങളും. | |
| 10. | മാലിന്യ സംസ്കരണ രംഗത്ത് സംഘടനയ്ക്ക് / സ്ഥാപനത്തിന് ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ, അംഗീകാരങ്ങൾ | |

മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് ഉപോത്ബലകമായ രേഖകൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

ഉദാ :- (1. രജിസ്ട്രേഷൻറെ പകർപ്പ്, 2. ലഭിച്ച അംഗീകാരങ്ങളുടെ പകർപ്പ് 3.സാക്ഷ്യപത്രങ്ങൾ 4. ജീവനക്കാരുടെ വിശദാംശങ്ങൾ ( യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ തുടങ്ങിയവ)

* This is a computer system (Digital File) generated letter. Hence there is no need for a physical signature.